(29) ശ്രീ ചിത്തിരതിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗിന് സ്ഥല സൗകര്യം ലഭ്യമാക്കൽ

[12 Noon]

ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ : സർ, 1995-ലാണ് കെ.എസ്.ആർ.ടി.സി. പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പ് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ ശ്രീ ചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജ് അനുവദിച്ചു. വർക്ക്ഷോപ്പ് വക 25 ഏക്കറിൽ പന്ത്രണ്ടര ഏക്കർ 99 വർഷത്തേക്ക് ലീസിനു കൊടുത്ത സ്ഥലത്താണ് എൻജിനീയറിംഗ് കോളേജ് ആരംഭിച്ചത്. 1995-ൽ കോളേജ് പ്രവർത്തനമാരംഭിക്കുമ്പോൾ പെർമനന്റ് കെട്ടിടങ്ങളൊന്നും ഉണ്ടായിരുന്നില്ല. ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ അന്ന് താൽക്കാലിക അംഗീകാരമാണ് നൽകിയത്. പന്ത്രണ്ടര ഏക്കർ നിശ്ചിത സ്ഥലം സ്ഥാപനത്തിന്റെ മാത്രം വകയായി കോമ്പൗണ്ടുവാൾ കെട്ടി തിരിക്കുവാനോ പെർമനന്റ് കെട്ടിടങ്ങൾ നിർമ്മിക്കുവാനോ കഴിയാത്തതിനാൽ കൗൺസിലിന്റെ അഫിലിയേഷൻ നഷ്ടമാകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഈ എൻജിനീയറിംഗ് കോളേജ് തുടങ്ങുന്ന അവസരത്തിൽ കെ.എസ്. ആർ.ടി.സി. ജീവനക്കാരുടെ മക്കൾക്ക് വ്യവസ്ഥ ചെയ്തിരുന്ന പ്രവേശത്തിനുള്ള കോട്ട ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുന്നതായും തൊഴിലാളി യൂണിയനുകൾക്ക് പരാതിയുണ്ട്. നാലു സെക്ഷനുകളിലായി പ്രതിവർഷം 240 കുട്ടികൾക്ക് ഈ സ്ഥാപനത്തിൽ പ്രവേശനം നൽകുന്നു. കേരളത്തിൽ ആട്ടോമൊബൈൽ എൻജിനീയറിംഗിൽ ബി.ടെക് കോഴ്സ് നടത്തുന്ന ഏക സ്ഥാപനമാണിത്. സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ലാത്ത ഒരു സ്വാശ്രയ സ്ഥാപനമാണ്. തിരുവനന്തപുരത്ത് പൊതുമേഖലയുടെ കീഴിലുള്ള ഈ കോളേജ്. ഇതിന് നാഷണൽ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ അഫിലിയേഷൻ നഷ്ടപ്പെടാതെ കെട്ടിടം മറ്റു സംവിധാനങ്ങൾ എന്നിവ സൗകര്യപ്പെടുത്തുവാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കണം. അതേസമയം തന്നെ സെൻട്രൽ വർക്ക്ഷോപ്പിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾക്കോ, ഭാവി വികസനങ്ങൾക്കോ തടസ്സമുണ്ടാകാതെ ജീവനക്കാരുടെ മക്കൾക്ക് വ്യവസ്ഥ പ്രകാരമുള്ള സംവരണം ഉറപ്പു വരുത്താനും ഈ കാര്യങ്ങൾ അടങ്ങിയ ആവശ്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കാനും ഗവൺമെന്റും വകുപ്പു മന്ത്രിയും തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കെ.എസ്.ആർ.ടി.സി. സെൻട്രൽ വർക്ക് ഷോപ്പിന്റെ വികസനത്തിനും സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കും അത്യന്താപേക്ഷിതമായിരുന്ന 12.50 ഏക്കർ സ്ഥലവും കെട്ടിടങ്ങളും എൻജിനീയറിംഗ് കോളേജിനുവേണ്ടി വിട്ടുകൊടുക്കുകയുണ്ടായി. ഈ 12.50 ഏക്കർ സ്ഥലത്തിനും അതിലുൾപ്പെട്ട കെട്ടിടങ്ങൾക്കും കൂടി പതിനേഴുകോടി ഇരുപത്തി ഒമ്പത് ലക്ഷം രൂപ വിലപിടിപ്പുള്ളതാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു, പ്രസ്തുത സ്ഥലം എൻജിനീയറിംഗ് കോളേജിനുവേണ്ടി പാട്ടവ്യവസ്ഥയിലാണ് വിട്ടുകൊടുത്തിരിക്കുന്നത്. 30-11-98-ൽ ഉണ്ടായ എഗ്രിമെന്റ് പ്രകാരം ഒരു ഏക്കറിന് ഒരു വർഷത്തേക്ക് 100 രൂപ പാട്ടത്തുക എന്നുള്ള വ്യവസ്ഥയിൽ 99 വർഷത്തേക്കുള്ള പാട്ടത്തുക എൻജിനീയറിംഗ് കോളേജിൽ നിന്നും കെ.എസ്.ആർ.ടി.സി.യിൽ അടച്ചിട്ടുണ്ട്. വിട്ടുകൊടുക്കപ്പെട്ട സ്ഥലത്തുള്ള കെട്ടിടങ്ങൾ എഗ്രിമെന്റ് പ്രകാരം കോളേജ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എതിർപ്പുമൂലം കോളേജിന്

LIBRARY ARCHIVES Kerala Legislative Assembly

വിട്ടുകൊടുക്കപ്പെട്ട സ്ഥലത്തിന്റെ ചുറ്റുമതിലിന്റെ പണി ഭാഗികമായി നിർത്തിവച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. മുമ്പ് ഉപയോഗിച്ചുകൊണ്ടിരുന്ന വർക്ക്ഷോപ്പ് ഇപ്പോൾ കോളേജിന്റെ വർക്ക്ഷോപ്പായി ഉപയോഗിച്ചുവരികയാണ്. ഇതിനു സമീപമായുള്ള ഒന്നര ഏക്കറോളം വരുന്ന സ്ഥലത്താണ് കോളേജിന്റെ പ്രധാന കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലത്താണ് വർക്ക്ഷോപ്പിലെ 'സ്ക്രാപ്പ്' നിക്ഷേപിക്കുന്നത്. കൂടാതെ ഒരു പെയിന്റിംഗ് ഷെഡും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആകയാൽ പ്രധാന കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലം എഞ്ചിനീയറിംഗ് കോളേജിനായി വിട്ടുകൊടുത്താൽ വർക്ക്ഷോപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുവാൻ ഇടയുണ്ട്. ചുറ്റുമതിൽ കെട്ടി അതിർത്തി വേർതിരിക്കാൻ കഴിയാത്തതും ഈ തർക്കം മൂലമാണ്. കെ.എസ്.ആർ.ടി.സി. സെൻട്രൽ വർക്ക്ഷോപ്പിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാതെ തന്നെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ചർച്ചകൾ നടന്നുവരുന്നു. താമസം വിനാ നടപടികൾ പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കോളേജ് തുടങ്ങാൻ തീരുമാനിച്ച കാലത്ത് അത് കെ.എസ്.ആർ.ടി.സി.യുടെ കോളേജ് എന്നുള്ള നിലയിലാണ് തുടങ്ങാൻ കഴിഞ്ഞത്. പിന്നീട് അതിനെ സംബന്ധിച്ച് ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അത് കെ.എസ്. ആർ.ടി.സി.ക്കു കൂടി പ്രാതിനിധ്യമുള്ള ഒരു സൊസൈറ്റിയുടെ വകയായി മാറുകയുണ്ടായി. ഇതിനിടയിൽ കോളേജ് അഡ്മിഷനുമായി ബന്ധപ്പെട്ട് സുപ്രീംകോടതി വിധി ഉണ്ടായപ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മക്കൾക്ക് സംവരണം നൽകാൻ കഴിയാത്ത ഒരവസ്ഥാവിശേഷമുണ്ടായി. അങ്ങനെ ജീവനക്കാരുടെ ഇടയിൽ ഇതുസംബന്ധിച്ച് ആശങ്കയും പ്രതിഷേധവുമുണ്ടായിട്ടുണ്ട്. ഇതാണ് ഈ പ്രശ്നം പരിഹരിക്കുന്നതിന് തടസ്സമായി നിന്നിട്ടുള്ളത്. വീണ്ടും കോളേജിന്റെ ഗവേണിംഗ് ബോഡി കൂടി ജീവനക്കാരുടെ മക്കൾക്ക് സംവരണം നൽകണമെന്ന് ശുപാർശ ചെയ്ത് ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്. ഈ പ്രശ്നം പരിഹരിക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ ഉള്ളവരുടെ ഒരു ചർച്ച നടത്തുകയുണ്ടായി. പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചു വരികയാണ്; അതിന് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുന്നത് ബഹുമാനപ്പെട്ട എം.എൽ. എ.യ്ക്കു തന്നെയാണ്.

(30) കൊല്ലം ശ്രീനാരായണ കോളേജ് വിദ്യാർത്ഥിയ്ക്കു നേരെയുള്ള ഭീഷണി

<u>ശ്രീ. അടൂർ പ്രകാശ്</u> : കൊല്ലം ശ്രീ നാരായണാ കോളേജിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. കൊല്ലം ശ്രീ നാരായണ കോളേജിലെ യൂണിയൻ തെരഞ്ഞെടുപ്പു കഴിഞ്ഞിട്ട് മാസങ്ങളായി, ആ തെരഞ്ഞെടുപ്പിൽ കോളേജ് യൂണിയൻ ചെയർമാനായി വിജയിച്ചത് കെ.എസ്.യു. വിദ്യാർത്ഥിയായ ശ്രീ. എം.എം. സജീവ് കുമാറാണ്. 366 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. ആ വിദ്യാർത്ഥിക്ക് കോളേജിൽ ഇപ്പോൾ പ്രവേശിക്കുവാൻ അനുമതി കിട്ടുന്നില്ല. സത്യപ്രതിജ്ഞ ചെയ്യുവാൻ കഴിയുന്നില്ല. ഏതാനും ചില സാമൂഹ്യവിരുദ്ധന്മാർ ആ വിദ്യാർത്ഥിയെ ആ കോളേജിൽ ചെല്ലുന്നതിൽ തടസ്സപ്പെടുത്തുന്നു. ആ കുട്ടി

LIBRARY ARCHIVES Kerala Legislative Assembly